ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 130-ാമത് ഭരണഘടന ഭേദഗതി ബില്‍ ഉൾപ്പെടെ മൂന്ന് സുപ്രധാന ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ച് കേന്ദ്രമന്ത്രി അമിത് ഷാ. വിമര്‍ശിച്ച് പ്രതിപക്ഷം. ബില്ലുകൾ സംയുക്ത പാർലമെന്‍ററി സമിതിക്ക് വിട്ടു

   **Union Minister Amit Shah introduces three key bills, including the 130th Constitutional Amendment Bill, in Lok Sabha; Opposition criticizes, bills sent to Joint Parliamentary Committee.**

2. പണം ഈടാക്കിയുള്ള ഓൺലൈൻ ഗെയിമിങ് സേവനങ്ങൾ, പരസ്യങ്ങൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ വിലക്കുന്ന 'ഓൺലൈൻ ഗെയിമിങ് ബില്‍' ലോക്സഭ പാസാക്കി.

   **Lok Sabha passes 'Online Gaming Bill' prohibiting harmful online money gaming services.**

3. ഇന്ത്യന്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്‍റ് (ഭേദഗതി) ബില്‍ - 2025 പാർലമെന്‍റ് പാസാക്കി.

   **Parliament passes Indian Institute of Management (Amendment) Bill - 2025..**

4. അടുത്ത തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, സ്വയം പര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്‍.

   **Next-generation GST reforms will lead the country towards a self-reliant India, says Finance Minister Nirmala Sitharaman.**

5. ലൈഫ് പദ്ധതി പ്രകാരം, നിർമ്മാണ പുരോഗതിയിലുള്ള വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനായി 1,100 കോടി രൂപ അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അനുമതി.

**State Cabinet approves ₹1,100 crore for providing loan disbursements to under-construction houses under LIFE mission.**

6. ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് വെങ്കലം.

**India wins bronze in 10m air pistol mixed team event at Asian Shooting Championship.**

## LS-CONSTITUTION AMENDMENT BILL (INTRO)

2025 ലെ ഭരണഘടന (130-ാം ഭേദഗതി) ബിൽ, 2025 ലെ കേന്ദ്രഭരണ പ്രദേശങ്ങളുടെ സർക്കാർ (ഭേദഗതി) ബിൽ, ജമ്മു കശ്മീർ പുനഃസംഘടന (ഭേദഗതി) ബിൽ 2025 എന്നിവ ലോക്സഭയിൽ അവതരിപ്പിച്ചു. ബീഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടിക്കെതിരായ പ്രതിപക്ഷ പ്രതിഷേധത്തിനിടയിലാണ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ബില്ലുകൾ അവതരിപ്പിച്ചത്.

**(അമിത് ഷാ വോയ്സ്.......)**

കോൺഗ്രസ്, AIMIM, സമാജ്വാദി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ബില്ലിനെ എതിർത്തു. ബിൽ ഭരണഘടനാ വിരുദ്ധവും ഫെഡറൽ സംവിധാനത്തിന് എതിരാണെന്നും പ്രതിപക്ഷം വിശേഷിപ്പിച്ചു. ബില്ലുകൾ അധികാര വിഭജന തത്വത്തെയും സർക്കാരിനെ തിരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ അവകാശ ത്തെയും ലംഘിക്കുന്നതായി അസദുദ്ദീൻ ഒവൈസി പറഞ്ഞു. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളെ അസ്ഥിരപ്പെടുത്താനുള്ള നീക്കമാണ് ബില്ലെന്ന് ആർഎസ്പിയുടെ എൻകെ പ്രേമചന്ദ്രൻ കുറ്റപ്പെടുത്തി.

**(പ്രേമചന്ദ്രൻ വോയ്സ്.........)**

ബില്ലുകൾ കൂടുതൽ പരിശോധനയ്ക്കായി പാർലമെൻറിൻറെ സംയുക്ത സമിതിക്ക് വിട്ടു. ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിരവധി തവണ നിർത്തിവെച്ച ഇരുസഭകളും ബില്ലുകളിന്മേലുള്ള നടപടിക്രമങ്ങൾക്ക് ശേഷം ഇന്നത്തേക്ക് പിരിഞ്ഞു.

✿✿✿✿✿✿✿✿✿✿✿✿✿✿✿

## REV. LS - ONLINE GAMING BILL

പണം ഈടാക്കിയുള്ള ഓൺലൈൻ ഗെയിമിങ് സേവനങ്ങൾ, പരസ്യങ്ങൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ വിലക്കുന്ന 'ഓൺലൈൻ ഗെയിമിങ് ബിൽ' ലോക്സഭ പാസാക്കി. ഓൺലൈൻ ഗെയിമിങ്ങിൻറെ സാമൂഹിക, സാമ്പത്തിക പ്രത്യാഘാതത്തിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ബില്ലെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നിയമം ലംഘിച്ചാൽ മൂന്നു വർഷം വരെ തടവും ഒരു കോടിരൂപ വരെ പിഴയും ബിൽ വ്യവസ്ഥ ചെയ്യുന്നു. കുറ്റം ആവർത്തിക്കുന്നവർക്ക് മൂന്നു മുതൽ അഞ്ചു വർഷം വരെ തടവിനും രണ്ടു കോടി രൂപ വരെ പിഴയ്ക്കും ബില്ലിൽ വ്യവസ്ഥയുണ്ട് .

✿✿✿✿✿✿✿✿✿✿✿✿✿✿✿

## RS - IIM BILL

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് (ഭേദഗതി) ബിൽ 2025 പാർലമെൻറ് പാസാക്കി. ഇന്ന് ബില്ലിന് രാജ്യസഭ അംഗീകാരം നൽകി. ലോക്സഭ നേരത്തെ തന്നെ ബിൽ പാസാക്കിയിരുന്നു. രാജ്യത്ത് പുതിയ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ബില്ലിനെകുറിച്ചുള്ള ചർച്ചയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. 2017ലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് നിയമത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. വടക്കു കിഴക്കൻ മേഖലയിലെ പ്രധാന കേന്ദ്ര മായി അസാമിലെ ഗുവാഹത്തിൽ ആരംഭിക്കുന്ന IIM നിലകൊള്ളുമെന്നും അദ്ദേഹം പറഞ്ഞു.

✿✿✿✿✿✿✿✿✿✿✿✿✿✿✿

## JAISHANKAR - RUSSIA

മോസ്കോയിൽ നടക്കുന്ന ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ്റെ 26-ാമത് സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് സഹ-അധ്യക്ഷത വഹിക്കും. ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്‌റോവു

മായി അദ്ദേഹം ചർച്ച നടത്തും. ഇന്ത്യ – റഷ്യ ബന്ധം, ഭൗമ – രാഷ്ട്രീയ പ്രശ്ന ങ്ങൾ എന്നിവയിൽ റഷ്യയിലെ വിവിധ മേഖലകളിലെ പ്രമുഖരുമായി ചർച്ച നടത്തിയതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി ഇന്നലെയാണ് മോസ്കോയിലെത്തിയത്.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## VP ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക നൽകി. I.N.D.I.A സ്ഥാനാർത്ഥി യായി, സുപ്രീംകോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി നാളെ പത്രിക നൽകും. നാമനിർദേശ പത്രിക നൽകാനുള്ള അവസാന ദിനം നാളെയാണ്. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## PM-CP RADHAKRISHNAN

എൻഡിഎയുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി സി.പി. രാധാകൃഷ്ണൻ മികച്ച ഉപരാഷ്ട്രപതിയായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. പുരോഗതിയിലേക്കുള്ള രാജ്യത്തിൻറെ യാത്രയെ സമ്പന്ന മാക്കാൻ ശ്രീ രാധാകൃഷ്ണന് സാധിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## FM-GST REFORMS

അടുത്ത തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, സ്വയം പര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ന്യൂ ഡൽഹിയിൽ GST കൗൺസിൽ സംഘടിപ്പിച്ച യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. സാധാരണക്കാർ, കൃഷിക്കാർ, രാജ്യത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് സുതാര്യവും ലളിതവുമായ ഒരു നികുതി സംവിധാനമാണ് പുതിയ GST പരിഷ്കാരങ്ങളെന്ന് ധനമന്ത്രാലയം സമൂഹമാധ്യമത്തിൽ കുറിച്ചു.

✲✲✲✲✲✲✲✲✲✲✲✲✲✲✲✲

## EPFO-PAYROLL DATA

ഈ വർഷം ജൂണിൽ Employees' Provident Fund Organization അംഗങ്ങൾ ആയത് 21.89 ലക്ഷം പേർ. 2018 ഏപ്രിലിന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കാണിത്. ഈ മാസം 10.62 ലക്ഷത്തോളം പുതിയ അംഗത്വങ്ങൾ സൃഷ്ടിച്ചതായും തൊഴിൽ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ വർഷം ജൂണിനെ അപേക്ഷിച്ച് 3.61 ശതമാനം വർധനയാണ് ഉണ്ടായത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## INDIA-PAKISTAN HUMAN RIGHTS (INTRO)

സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമ വിഷയത്തിൽ യുഎൻ രക്ഷ സമിതി യിൽ പാകിസ്ഥാനെ ശക്തമായി വിമർശിച്ച് ഇന്ത്യ. ബംഗ്ലാദേശ് യുദ്ധ കാലത്ത് 1971 ൽ നടന്ന കൂട്ടബലാത്സംഗം മുതൽ പാകിസ്ഥാൻ ഇത് തുടരുകയാ ണെന്നും, സമിതിയിലെ ഇന്ത്യൻ പ്രതിനിധി എൽദോസ് മാത്യു പുന്നൂസ് അഭിപ്രായപ്പെട്ടു. സ്വന്തം ഭൂമിയിൽ ന്യൂനപക്ഷങ്ങളെ അടക്കം ദ്രോഹിക്കുന്ന പാക്കിസ്ഥാൻ, മനുഷ്യാവകാശ സംരക്ഷകരായി സ്വയം അവകാശപ്പെടുന്നത് വിചിത്രമാണെന്നും കശ്മീർ വിഷയത്തിലെ പാക് പരമാർശങ്ങൾക്ക് മറുപടി യായി അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## STATE CABINET

ലൈഫ് പദ്ധതി പ്രകാരം, നിർമ്മാണ പുരോഗതിയിലുള്ള ഒരു ലക്ഷത്തി 27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനായി 1,100 കോടി രൂപ അനുവദിക്കാൻ ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം അനുമതി നൽകി. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻകാർ ഒഴികെ സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള അർഹരായ പട്ടിക വർഗക്കാർക്ക് 1,000 രൂപ വീതം ഈ വർഷം "ഓണസമ്മാന"മായി നൽകാനും തീരുമാനിച്ചു. സെക്രട്ടേറിയറ്റിലും വകുപ്പ് കാര്യാലയങ്ങളിലും കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ജൂലൈ 1 മുതൽ ഈ മാസം 31 വരെ നടക്കുന്ന ഫയൽ അദാലത്തിൻറെ പുരോഗതിയും ഇന്ന് ചേർന്ന മന്ത്രിസഭായോഗം വിലയിരുത്തി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## AMOEBIC ENCEPHALITIS

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന പതിനൊന്ന് വയസ്സുകാരിക്ക് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചു. മലപ്പുറം ചേളാരി സ്വദേശിനിയായ കുട്ടിക്കാണ് രോഗം സ്ഥിരീകരിച്ചത്. കുട്ടി ഇപ്പോൾ മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സയിലാണ്. ഇതോടെ, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിൽ ഉള്ളവരുടെ എണ്ണം മൂന്നായി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## SCHOOL LUNCH

സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ വിദ്യാർത്ഥികൾക്കും ഓണത്തിന് 4 കിലോഗ്രാം അരി വീതം വിതരണം ചെയ്യുമെന്ന് മന്ത്രി വി ശിവൻകുട്ടി. പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള 25 ലക്ഷത്തോളം കുട്ടികൾക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ASIAN SHOOTING

കസാഖ്സ്ഥാനിലെ ഷിംകെൻറിൽ പുരോഗമിക്കുന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് വെങ്കലം. ഇന്ത്യയുടെ സൗരഭ് ചൗധരി- സുരുചി ഇന്ദർ സിംഗ് സഖ്യം ചൈനീസ് തായ്പേയിയെ പരാജയപ്പെടുത്തി വെങ്കലം നേടി. ഇതോടെ, ടൂർണമെൻറിലെ സീനിയർ വിഭാഗത്തിൽ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം നാലായി. നിലവിൽ ഇന്ത്യ ആറ് സ്വർണ്ണവും അഞ്ച് വെള്ളിയും മൂന്ന് വെങ്കലവും നേടിയിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## EVE. DURAND CUP

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ FC – ഡയമണ്ട് ഹാർബർ FC സെമി പോരാട്ടം പുരോഗമിക്കുന്നു. കൊൽക്കത്തയിലാണ് മത്സരം. ക്വർട്ടറിൽ മോഹൻ ബഗാനെ 2-1 നു കീഴടക്കിയാണ് ഈസ്റ്റ് ബംഗാൾ അവസാന നാലിൽ ഇടം പിടിച്ചത്.

## PM BIHAR& WB

പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ബീഹാറും പശ്ചിമ ബംഗാളും സന്ദർശിക്കും. ബീഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെയും കൊൽക്കത്തയിൽ 5,200 കോടിയിലധികം രൂപയുടെയും വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.